

# മാതാവിന്റെ പിറവി

## ( എട്ടു നോമ്പ് )

### സ്വർഗ്ഗാരോപണ തിരുനാളുകൾക്കുള്ള പ്രാർത്ഥന ശുശ്രുഷകൾ.

ഫാ. പ്ലാസിഡ് ജെ. പൊടിപ്പാറ

# മാതാവിന്റെ പിറവി (എട്ടുനോമ്പു) സ്വർഗ്ഗാരോപണ തിരുനാളുകൾക്കുള്ള പ്രാർത്ഥനാശുശ്രൂഷകൾ

# മാതാവിൻറെ പിറവി (എട്ടുനോമ്പ്) സ്വർഗ്ഗാരോപണത്തിരുനാളുകൾക്കുള്ള

# **പ്രാർത്ഥനാശുശ്രൂഷകൾ**


പരിഭാഷ

**റവ. ഡോ. പ്ലാസിഡ് ജെ. പൊടിപാറ**

ഗാനരചന

റവ. ഫാ. ജി. റ്റി. ഊന്നുകല്ലിൽ



സന്ദേശനിലയം പ്രസിദ്ധീകരണം

15-8-1982

First Published:

August 1982

Published by:

Sandesanilayam, Changanacherry

Printed at

St. Joseph's Orphanage Press, Changanacherry

Imprimatur:

Rev. Dr. Joseph Karimpalil
(Vicar General)

15.8.1982

Changanacherry

# ഒരു വാക്കു്

മാതാവിൻറെ പിറവിത്തിരുന്നാളിനും. (എട്ടു നോമ്പ്) സ്വർഗ്ഗാരോപണത്തിരുനാളിനും ഒരുക്കമായിട്ടുള്ള പ്രാർത്ഥനകളാണു് ഇതിലെ ഉള്ളടക്കം. പൗരസ്ത്യസഭകളിൽ നിലവിലിരുന്ന പ്രാർത്ഥനകൾ പ്രൊപ്പഗാന്താകോൺഗ്രിഗേഷൻ 1886 മെയ് 8-ന് റോമിൽ [പ്രസിദ്ധീകരിച്ചു. 1938 ജനവരി 6-നു കാർഡിനൽ ടിസറൻറിൻറെ നേതൃത്വത്തിൽ ഓറിയൻറൽ കോൺഗ്രിഗേഷൻ ഇത് സീറോ മലബാർ സഭയ്ക്കുവേണ്ടി അച്ചടിപ്പിച്ചു. ഗ്രന്ഥം അവതരിപ്പിച്ചുകൊണ്ടു കർദ്ദിനാൾ പറഞ്ഞവാക്കുകൾ ശ്രദ്ധേയമാണ്, "മാർ ജോസഫ്, മാർ തോമ്മാ എന്നീ പാത്രിയർക്കീസുമാർക്കും, മെത്രാപ്പോലിത്താമാർക്കും, മെത്രാന്മാർക്കും, വൈദികസമൂഹത്തിനും, സന്യാസിനീസന്യാസികൾക്കും, മെസെപ്പൊട്ടേമിയായിലും മലബാറിലുമുള്ള എല്ലാവർക്കും വേണ്ടിയുള്ളതാണ് ഗ്രന്ഥം"

സന്ദേശനിലയം പ്രസിദ്ധീകരിക്കുന്ന ഈ ചെറുഗ്രന്ഥം സുറിയാനി നമസ്ക്കാരപ്പുസ്തകത്തിൽ നിന്നും മലയാളത്തിലേക്കു വിവർത്തനം ചെയ്തിരി ക്കുന്നതും സുപ്രസിദ്ധ സഭാപണ്ഡിതനും, ആദരണീയനുമായ ബഹു. പ്ലാസിഡച്ചനാണു്. ബഹു. ജി. ററി. ഊന്നുകല്ലിലച്ചനാണ് ഇതിലെ ഗാനങ്ങൾക്കു രൂപം നല്കിയിരിക്കുന്നതു്. അകൈതവമായ നന്ദിയും, കൃതജ്ഞതയും ഇരുവർക്കും സാദരം സമർപ്പിക്കുന്നു.

ദേവാലയങ്ങളിലും, കുടുംബങ്ങളിലും സായാഹ്ന നമസ്ക്കാരത്തിനും (റംശാ) പ്രഭാതപ്രാർത്ഥനയ്ക്കും (ലെലിയാ സപ്രാ) ഉപയോഗിക്കത്തക്ക വിധത്തിലാണ് ഇതിലെ പ്രാർത്ഥനകൾ ക്രമീകരിച്ചിരിക്കുന്നതു" . മാതൃഭക്തരായ സുറിയാനി ക്രൈസ്തവർക്കു അവരുടെ തന്നെ ഭാഷയിൽ മാതാവിനോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിന്, സഭ നല്കിയിരിക്കു ന്ന ഔദ്യോഗിക പ്രാർത്ഥന ഇപ്രകാരം തയ്യാറാക്കി അവതരിപ്പിക്കുന്നതിൽ സന്ദേശനിലയത്തിന് സന്തോഷവും അഭിമാനവും ഉണ്ട്. മാതാവിൻെറ പ്രാർത്ഥനാസഹായങ്ങൾ ഏവർക്കുമുണ്ടാകട്ടെയെന്നു ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഡയറക്ടർ

സന്ദേശനിലയം,

ചങ്ങനാശേരി.

15-8-1982

# ഉള്ളടക്കം


പിറവിത്തിരുന്നാളി (എട്ടുനോമ്പ്)നു ഒരുക്കമായുള്ള
പ്രാർത്ഥനാ ശുശ്രൂഷ.

റംശാ പേജ് 1

ലെലിയാ-സപ്രാ " 23

സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായുള്ള
പ്രാർത്ഥനാ ശുശ്രൂഷ

റംശാ പേജ് 33

ലെലിയാ-സപ്രാ " 40

# ൧൦ശാ

## (സായാ ഹ്നപ്രാർത്ഥനാ ശുശ്രൂഷ)

[കാർമ്മികനിൽ നിന്ന് ശുശ്രൂഷി സമാധാനം സ്വീകരിച്ച് സമൂഹത്തിനു കൈമാറുന്നു. തുടർന്ന് പ്രാർത്ഥന ആരംഭിക്കുന്നു.]

**കാ.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സ.** ആമ്മേൻ. (3 പ്രാവശ്യം)

**കാ.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും നല്ല ശരണവും എപ്പോഴും എന്നേയ്ക്കും

**സ.** ആമ്മേൻ.

**കാ.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു) നിൻറെ നാമം പരിശുദ്ധമാകപ്പെടണം, നിൻറ രാജ്യം വരണം, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ..

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമിയും നി റഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരി ശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ് ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ നാമം പരിശുദ്ധമാകപ്പെടണം. നിൻറെ രാ ജ്യം വരണം. നിൻ്റെ ഇഷ്ടം സ്വർഗ്ഗത്തിലെന്നതു പോലെ ഭൂമിയിലും ആകണം.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്ര ലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ

നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്ത്തിയും മഹത്വവും എന്നേയ്ക്കും നിൻറതാകുന്നു. ആമ്മേൻ.

**കാ.** പിതാവിനും പുത്രനും പരിശുദ്ധാത് മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറെ നാമം പരിശുദ്ധമാകപ്പെടണം. നിന്റെ രാ ജ്യം വരണം, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറെ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**ശു.** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ

## സ്ളോസാ

**കാ.** കർത്താവേ, ആത്മീയസ്തുതികളാൽ നിൻറെ ദൈവത്വത്തെ ഞങ്ങൾ കൊണ്ടാടുന്നു. ഭൗമികമായ ആരാധനകളാൽ നിൻ്റെ കർത്തൃത്വത്തെ ഞങ്ങൾ ആരാധിക്കുന്നു. വെടിപ്പുള്ള വിചാരണയാൽ നിൻറെ നിസ്തുലസ്വഭാവത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യുന്നു. സകലത്തിൻറെയും നാഥാ, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**സ.** ആമ്മേൻ.

**കാ.** ദൈവമേ സെഹിയോനിൽ നിനക്കു സ്തുതിയോഗ്യമാകുന്നു.

ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

**സ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ- ദൈവമേ സെഹിയോനിൽ.......................

ഹല്ലേലുയ്യാ ഹല്ലേലുയ്യാ, ഹല്ലേലുയ്യാ

**ശു.** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

## സ്ളോസാ

**കാ.** വലുതും, ഭയാനകവും, പരിശുദ്ധവും, സ്തുത്യവും, അനുഗ്രഹീതവും, അഗ്രാഹ്യവും, നന്മനിറഞ്ഞതുമായ നിൻ്റെ ത്രിത്വത്തിൻറെ നാമത്തേയും, മനുഷ്യവർഗ്ഗത്തിന്മേലുള്ള നിൻറെ നന്മയെയും ഏറ്റുപറയുന്നതിനും ആരാധിക്കുന്നതിനും സ്തുതിക്കുന്നതിനും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. സകലത്തിൻ്റെയും നാഥാ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**സ.** ആമ്മേൻ

**കാ.** ശക്തനായ ദൈവമേ നിൻ്റെ കൂടാരങ്ങൾ എത്രയോ സ്നേഹയോഗ്യങ്ങളാകുന്നു.

ധൂപാർച്ചനശുശ്രൂഷ
സമൂഹത്തിൻമേൽ

ഈ സമയത്ത് സമൂഹം
രണ്ടുഗണമായി ചൊല്ലുന്നു

ഞങ്ങളുടെ രക്ഷകനായ മിശിഹായെ, നല്ല സുഗന്ധങ്ങളുടെ ധൂമം പോലെയും മാധുര്യമുള്ള ധൂപ കലശത്തിൻറെ സുഗന്ധം പോലെയും, നിൻറെ ദാസരുടെ പ്രാർത്ഥനകളും യാചനകളും നീ സ്വീകരി ക്കണമെ.

**(അല്ലെങ്കിൽ ഗാനം)**

തൂയെ......

മിശിഹാനാഥാ രക്ഷകനേ
സുരഭില ധൂപസമാനം നിൻ
ദാസരണയ്ക്കും പ്രാർത്ഥനകൾ
അലിവൊടു കൈക്കൊണ്ടീടണമേ.

കർത്താവിൻ്റെ ഭവനാങ്കണത്തെ എൻ്റെ ആത്മാവു പ്രതീക്ഷഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യു.

ഞങ്ങളുടെ രക്ഷകനായ മിശിഹായെ നല്ല സുഗന്ധങ്ങളുടെ.............

(അല്ലെങ്കിൽ ഗാനം)

മിശിഹാനാഥാ രക്ഷകനെ...........

പിതാവിനും പുത്രനും പരിശുദ്ധാത്മാവി നും സ്തുതി.

ഞങ്ങളുടെ രക്ഷകനായ മിശിഹായെ... ...

(അല്ലെങ്കിൽ ഗാനം)

മിശിഹാ നാഥാ രക്ഷഷകനേ....

**ശു.** സമാധാനം നമ്മോടുകൂടെ.

**കാ.** ഞങ്ങൾക്കു ചെയ്യിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രദർശിപ്പിക്കുവാൻ കഴിയാത്തതുമായ നിൻറെ എല്ലാ സഹായങ്ങൾക്കും, അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും സഹായങ്ങളും നിറഞ്ഞ്, മുടിചൂടിനില്ക്കുന്ന നിൻ്റെ സഭയിൽ നിന്നെ ഞങ്ങൾ സ്തുതിക്കുകയും ഇടവിടാതെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ സകലത്തിൻറെയും നാഥനും സ്രഷ്ടാവുമാകുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാ വുമായ സർവ്വേശ്വരാ.

**സ.** ആമ്മേൻ.

**കാ.** സകലത്തിന്റേയും നാഥാ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഈശോമിശിഹായെ, നിന്നെ ഞ ങ്ങൾ പുകഴ്ത്തുന്നു. എന്തുകൊണ്ടെന്നാൽ, നീ ങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ഞങ്ങളു ടെ ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു.

**ശു.** കർത്താവേ, ഞാൻ എൻ്റെ കൈകൾകഴുകി നിർമ്മലമാക്കുകയും നിൻ്റെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുകയും ചെയ്യു.

**സ.** സകലത്തിൻറയും നാഥാ, നിന്നെ...

**കാ.** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി, ആദിമുതൽ എന്നേയ്ക്കും ആമ്മേൻ സകലത്തിൻറയും നാഥാ നിന്നെ...

**ശു.** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാ.** എൻറെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ഞങ്ങളുടെ ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. എൻറെ കർത്താവേ, എല്ലാസമയവും നിന്നെ സ്തുതിക്കുവാനും, പുകഴ്ത്തുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. സകലത്തിൻറയും നാഥാ എന്നേയ്ക്കും.

**സ.** ആമ്മേൻ.

## ക് ദം

**കാ.** വരുവിൻ നമുക്കു അവനിൽ ആനന്ദിച്ചു സന്തോഷിക്കാം.

**സ.** (രണ്ടുഗണമായി ചൊല്ലുന്നു) സഹോദരരേ, പരിശുദ്ധിയും വിനയവും കൊണ്ടു ഇന്നു നമുക്കു നമ്മെത്തന്നെ നവീകരിക്കാം. പരിശുദ്ധ മറിയ ത്തിൻറെ ജനനത്തെ ഇന്നു നമുക്കു ആഘോഷിക്കാം. പ്രവചനങ്ങൾ ഇവിടെ പൂർത്തിയാകുന്നു. എല്ലാപിതാക്കന്മാരോടുമുള്ള വാഗ്ദാനവും അതോടെ അവസാനിച്ചിരിക്കുന്നു എന്തുകൊണ്ടെന്നാൽ വിശുദ്ധരായ മാതാപിതാക്കളിൽ നിന്നും മനുഷ്യർക്കുള്ള പ്രതീക്ഷയുടെ മകുടം ഇന്നു മുളച്ചുവളർന്നു.

## (അല്ലെങ്കിൽ ഗാനം)

ക്ലാവാ റമ്പാ...

വരുവിൻ സോദരരേ വിനയം
പരിശുദ്ധിയുമാ മണിയലുകൾ

പരിചൊടെടുത്തു ധരിച്ചീടാം
നവചൈതന്യം പുൽകീടാം
കന്യാംബികതൻ തിരുജനനം
ധന്യതനേടാൻ കൊണ്ടാടാം

അവളീമന്നിന്നഭിമാനം
കാലം കാത്തൊരുവാഗ്ദാനം
പ്രവചനമഖിലം നിറവേറി
നരനുടെയാശാമകുടമിതാ
നിർമ്മലരിൽനിന്നുരുവായി.

ചെറിയവരും വലിയവരും
സഹോദരരേ, പരിശുദ്ധിയും..................

(അല്ലെങ്കിൽ ഗാനം) വരുവിൻ സോദരരേ ..............................
പിതാവിനും പുത്രനും പരിശുദ്ധാത്മാവി നും സ്തുതി.

നിത്യകന്യകയേ, എല്ലാവിശുദ്ധിയുടെയും ഉറവയായ ഈശോമിശിഹായുടെ ആലയമേ, ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളുടെ സമൂഹത്തെ ആശീർവദിക്കണമെ. നിൻറെ ശിരസിലണിയാൻ സ്തുതിയുടെ മുടിയെ ഞങ്ങൾ മെടയുന്നു. നിൻറെ ജനനത്തെ ഞങ്ങളിതാ ബഹുമാനിക്കുന്നു. സ്തുതിയുടെ വചനത്താൽ ഞങ്ങൾ നിനക്കു കീർത്തനമാലപിക്കുന്നു.

**(അല്ലെങ്കിൽ ഗാനം)**

(ഹാലേൻകൊലഹേൻ മ്ശിഹാ പാറോക്കേ)

ഈശോ നാഥന്നാലയമേ
നിത്യം നിർമ്മല കന്യകയേ
നിന്നുടെ സവിധേയൊരുമിച്ചോ
രിവരിൽ വരനിരചൊരിയണമേ

നിൻതിരുമനലിയിലണിയിക്കാൻ
സ്തുതിയുടെ മണിമുടിതീർക്കുന്നു
നിൻജനനത്തിനു ഞങ്ങളിതാ
കീർത്തനഗാനമുതിർക്കുന്നു

**ശു.** നമുക്കു പ്രാർത്ഥിക്കാം സമാധാനം ന മ്മോടുകൂടെ.

**കാ.** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഞങ്ങളുടെ പക്കലുള്ള നിൻറെ അനുഗ്രഹത്തേയും നിൻറെ തിരുമനസിൻറെ ശ്രദ്ധയേയും എല്ലാസമയത്തും ഏറ്റു പറയുന്നതിനും, ആരാധിക്കുന്നതിനും സ്നേഹിക്കുന്നതിനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. സകലത്തിൻറെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**സ.** ആമ്മേൻ

(താഴെകൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഏതെങ്കിലും ഒരെണ്ണം ചൊല്ലുക. സങ്കീർത്തനത്തിൻറെ ആദ്യപാദം ശശ്രൂഷി ചൊല്ലുമ്പോൾ ഒന്നാം ഗണം അത് ആവർത്തിക്കുകയും സമൂഹം തുടർന്നു ഇരുഗണമായി ചൊല്ലി ത്രിത്വസ്തുതി യോടുകൂടി അവസാനിപ്പിക്കുകയും ചെയ്യുന്നു.)

സങ്കീർത്തനം 140.

കർത്താവേ, ഞാനങ്ങയെ വിളിച്ചപേക്ഷിക്കുന്നു
എനിക്കുത്തരമരുളണമേ.

എൻറെ പ്രാർത്ഥന സ്വീകരിക്കണമെ
പരിമളധൂപം പോലെ
അത് അങ്ങേപക്കലേയ്ക്കുയരട്ടെ.

കർത്താവേ എൻ്റെ ഈ പ്രാർത്ഥന
എൻറെ സായാഹ്നബലിയായി സ്വീകരിക്കണമെ.

എൻറെ നാവിനും അധരങ്ങൾക്കും
അങ്ങുന്നു കാവൽനിറുത്തണമെ.

ദുഷ്പ്രവൃത്തികൾ ചെയ്യുവാനും
ദുഷ്ടന്മാരോടുസഹവസിക്കുവാനും
അങ്ങുന്നു എന്നെ അനുവദിക്കരുതേ

നീതിമാനായമനുഷ്യൻ
എന്നെ പഠിപ്പിക്കയോ ശാസിക്കയോ ചെയ്യട്ടെ.

ദുഷ്ടന്മാരുടെ തൈലം കൊണ്ട്
എൻറെ ശിരസ്സുപൂശുവാൻ അനുവദിക്കരുതേ.

എൻറെ പ്രാർത്ഥന എപ്പോഴും
അവരുടെ പ്രവർത്തികൾക്കെതിരാകുന്നു

അവരുടെ വിധികർത്താക്കൾ
കനത്തകൈകളാൽ തടയപ്പെട്ടു.
എൻ്റെ വാക്കുകൾ സ്നേഹമസൃണമായിരുന്നെന്നു.

അപ്പോൾ അവർക്കുമനസ്സിലായി.

പൊട്ടിച്ചിതറിയ തിരികല്ലുപോലെ
അവരുടെ അസ്ഥികളെല്ലാം
പാതാളവാതില്ക്കൽ ചിതറിക്കിടക്കുന്നു.

കർത്താവേ, എൻറെ കണ്ണുകൾ
അങ്ങേപ്പക്കലേയ്ക്കു" ഞാനുയർത്തുന്നു
ഞാൻ അങ്ങിൽ അഭയം തേടുന്നു
എന്നെ കൈവെടിയരുതേ

ദുഷ്ടന്മാർ എനിക്കു കെണികൾ വച്ചിരി ക്കുന്നു

അവയിൽ നിന്നു് എന്നെ രക്ഷിക്കണമെ.

ദുഷ്ടന്മാർ അവയിൽനിപതിക്കട്ടെ
ഞാൻ സുരക്ഷിതനായി കടന്നുപോകട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ആദിമുതൽ
എന്നേയ്ക്കും ആമ്മേൻ

സങ്കീർത്തനം 141.

ഉച്ചത്തിൽ ഞാൻകർത്താവിനെ വിളിക്കുന്നു
ഉച്ചത്തിൽ ഞാൻ കേണപേക്ഷിക്കുന്നു

എൻറെ ഹൃദയം നീറുമ്പോൾ
എൻറെ സങ്കടങ്ങളും പീഡകളും
ഞാൻ അവിടുത്തെ അറിയിക്കും

എൻ്റെ വഴികളെല്ലാം
അങ്ങുന്നു അറിയുന്നുവല്ലോ

ഞാൻ സഞ്ചരിക്കുന്നവഴികളിൽ
അവരെനിക്കു കെണികൾവച്ചു.

ഞാൻ വലത്തേക്കുതിരിഞ്ഞുനോക്കി
എന്നെ അറിയുന്നവർ ആരുമില്ല

ഓടിയൊളിക്കുവാൻ എനിക്കിടമില്ല
എന്നെ രക്ഷിക്കുവാൻ ആളുമില്ല

കർത്താവേ ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു
അങ്ങു എൻ്റെ അഭയമാണല്ലോ.

ജീവിക്കുന്നവരുടെ നാട്ടിൽ
അങ്ങ് എൻറെ സർവ്വസ്വവുമാകുന്നു

എൻറെ നില ദയനീയമാകയാൽ
എൻറെ പ്രാർത്ഥന കേൾക്കണമെ.

മർദ്ദകർ എന്നെക്കാൾ ശക്തരാകയാൽ
അവരിൽ നിന്നും എന്നെ മോചിപ്പിക്കണമെ.

അങ്ങു എനിക്കു പ്രതിഫലം തരുമ്പോൾ
നീതിമാന്മാർ എൻ്റെ ചുററിലും കൂടും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സങ്കീർത്തനം 118

[118-ാം സങ്കീർത്തനത്തിൽ നിന്നും മൂന്നുഭാ ഗങ്ങളാണ് താഴെക്കൊടു ത്തിരിക്കുന്നത്. അതു മുഴുവനായോ ഭാഗികമായോ ചൊല്ലാവുന്നതാണ്. ഏതെങ്കിലുമൊരു ഭാഗം മാത്രാമാണു ചൊല്ലുന്നതെങ്കിൽ തിത്വസ്തുതി യോടെ അവസാനിപ്പിക്കുക.]

ഒന്ന്

ദൈവപ്രമാണങ്ങൾ പാലിച്ചുകൊണ്ടു
നിഷ്ക്കളങ്കരായി ജീവിക്കുന്നവർ
ഭാഗ്യവാന്മാരാകുന്നു.

അവിടുത്തെ ഇഷ്ടം നിറവേറ്റുന്നവരും
ഹൃദയപൂർവം അവിടുത്തെ അന്വേഷിക്കുന്നവരും
ഭാഗ്യവാന്മാരാകുന്നു.

അവർ ദുഷ്ടതപ്രവർത്തിക്കാതെ
അങ്ങേ വഴികളിലൂടെ സഞ്ചരിക്കുന്നു.

അങ്ങേ നിയമങ്ങളെല്ലാം പാലിക്കണമെന്നു അങ്ങു
നിശ്ചയിച്ചിട്ടുണ്ടല്ലോ,

അങ്ങേ പ്രമാണങ്ങൾ അനുസരിക്കുവാൻ
എൻറെ മാർഗ്ഗങ്ങൾ ക്രമപ്പെടുത്തണമേ.

അങ്ങേ കല്പനപ്രകാരം ജീവിച്ചാൽ
ഞാൻ ഒരിക്കലും നിരാശനാവുകയില്ല.

അങ്ങേ നീതിവിധികൾ പഠിക്കുമ്പോൾ
നിഷ്കപടമായി ഞാൻ അങ്ങേയ്ക്കു നന്ദി പറയും

അങ്ങേ നിയമങ്ങൾ ഞാൻ പാലിച്ചിട്ടുണ്ട്:
അങ്ങുന്നു എന്നെ ഉപേക്ഷിക്കരുതേ.

**11**

രണ്ടു്

അങ്ങേ പ്രമാണം എനിക്കു പ്രിയങ്കരമാകുന്നു
എൻറചിന്താവിഷയവും അതുതന്നെയാകുന്നു

ഞാൻ അങ്ങേ പ്രമാണങ്ങൾ പാലിച്ചതിനാൽ
ശത്രുക്കളേക്കാൾ എന്നെ വിജ്ഞാനിയാക്ക ണമേ.

എൻറെ ധ്യാനവിഷയം അങ്ങേ പ്രമാണമാക
എൻറെ എല്ലാ ഗുരുക്കന്മാരേയുംകാൾ [യാൽ
എന്നെ അറിവുള്ളവനാക്കണമേ.

ഞാൻ അങ്ങേ നിയമം പാലിച്ചതിനാൽ
പ്രായം ചെന്നവരേക്കാൾഞാൻ വിവേകിയായി.

അങ്ങേ കല്പനകളനുസരിക്കുവാൻ
ദുർമ്മാർഗ്ഗത്തിൽ നിന്നും എൻ്റെ പാദം പിൻ വലിച്ചു.

അങ്ങുന്നു എന്നെ പഠിപ്പിച്ചതിനാൽ
നിയമങ്ങളിൽ നിന്നും ഞാൻ വ്യതിചലിച്ചില്ല.

അങ്ങേ വചനം മധുവിനേക്കാൾ മധുരമാകുന്നു.
അങ്ങേ കല്പനകളെപ്പറ്റി ധ്യാനിച്ചതിനാൽ
ദുർമ്മാർഗ്ഗങ്ങളെ ഞാൻ വെറുത്തു.

മൂന്നു്

അങ്ങേ പ്രമാണം എൻ്റെ പാദങ്ങൾക്കുവിളക്കും
എൻ്റെ വഴികളിൽ പ്രകാശവുമാകുന്നു

നീതിയുടെ നിയമങ്ങളനുസരിക്കുവാൻ
ശപഥം ചെയ്ത ഞാൻ നിശ്ചയിച്ചു.

കർത്താവേ ഞാൻ ഏറെ കഷ്ടപ്പെട്ടു.
അങ്ങേവാക്കനുസരിച്ച് എന്നെരക്ഷിക്കണമെ.

എൻറെ അധരങ്ങളുടെ കാണിക്ക സ്വീകരിക്ക
നിയമങ്ങൾ എന്നെ പഠിപ്പിക്കണമെ. [ണമെ

എൻറെജീവൻ എപ്പോഴും അപകടത്തിലാകുന്നു
എങ്കിലും ഞാൻ അങ്ങേ നിയമം മറന്നില്ല.

ദുഷ്ടന്മാർ എനിക്കു കെണികൾ വച്ചു.
എങ്കിലും അങ്ങേ നിയമത്തിൽ നിന്ന്
ഞാൻ ഒട്ടും വ്യതിചലിച്ചില്ല.

അങ്ങേ കല്പപന ഞാൻ നിത്യാവകാശമാക്കി
അത് എൻറെഹൃദയത്തിൽ ആനന്ദം പകരുന്നു

അങ്ങേ കല്പനകൾ കൃത്യമായി പാലിക്കുവാൻ
എൻറെ ഹൃദയത്തെ ഞാൻ ഒരുക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവി നും സ്തുതി
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ദ് വാസർ

വരുവിൻ കേൾക്കുവിൻ നിങ്ങളോടു ഞാൻ പറയാം (സമൂഹം രണ്ടു ഗണമായി) വിശുദ്ധ യൊവാക്കീം, വിശുദ്ധ അന്ന എന്നിവരിൽ നിന്നും വചനമായ ദൈവപുത്രൻറെ മാതാവായ മറിയത്തെ ഇന്ന് ദൈവം ജനിപ്പിച്ചു. അതുവഴി ആദിപിതാക്കന്മ്മാരുടെയും നീതിമാന്മാരുടെയും പക്കലേയ്ക്കും, മാത്രമല്ല എല്ലാ തലമുറകളിലേയ്ക്കും അനുഗ്രഹം ഒഴുക്കപ്പെട്ടു.

**(അല്ലെങ്കിൽ ഗാനം)**

(ബ്രീക്ക് ഹന്നാന...)

വചനം മാംസമണിഞ്ഞവനിളയിൽ
മറിയം ജനനീമണിയായ്ത്തീർന്നു.

അവളെ ദൈവം യൊവാക്കീമിനും
അന്നയ്ക്കും പ്രിയമകളായ് നൽകി.

ആദിപിതാക്കൾ ധരയിൽ നീതി
പുലർത്തിയ ഗോത്രപിതാക്കളുമെല്ലാം

തലമുറ തലമുറ ദൈവാനുഗ്രഹ
തെളിനീരുറവയിലതിനാൽ മുഴുകി

ആദ്യദിവസങ്ങളിൽ

വിശുദ്ധ യൊവാക്കീം വിശുദ്ധ അന്ന...

(അല്ലെങ്കിൽ ഗാനം)

(വചനം മാംസമണിഞ്ഞവനിളയിൽ......)

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

വി. യൊവാക്കീമിനും അനുഗ്രഹീതയായ അന്നായ്ക്കും എത്രയോ ഭാഗ്യം ! കർത്താവു അവളെ അനുഗ്രഹിച്ചു. അത്യുന്നതൻറെ പുത്രൻ്റെ മാതാവിനെ അവർ തങ്ങളുടെ കൈകളിലെടുത്തു ആശ്ലേഷിച്ചു.

**(അല്ലെങ്കിൽ ഗാനം)**

(മാനായ്ഹാദേ...)

നിസ്തുലഭാഗ്യം യോവാക്കീമും
അന്നയുമൊപ്പം മന്നിലണിഞ്ഞു
ദൈവസുതൻതൻ ജനനിയെയല്ലോ
കൈകളിലേന്തിപോറ്റിവളർത്തി.

## കാറോസൂസാ

**ശു:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ആനന്ദത്തോടുംകൂടെ ഉചിതമായിനിന്നും ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപചെയ്യണമേ എന്നു പ്രാർത്ഥിക്കാം.

**സ.** ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കൃപചെയ്യണമേ.

**ശു.** കാരുണ്യവാനായ പിതാവേ, ആശ്വാസദായകനായ ദൈവമേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു

,

**സ.** ഞങ്ങളുടെ കർത്താവേ,......

**ശു.** ഞങ്ങളുടെ രക്ഷകനും പരിപാലകനും സകലത്തിന്റേയും ദാതാവുമായ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സ.** ഞങ്ങളുടെ കർത്താവേ, ...

**ശു.** ലോകം മുഴുവൻറെയും സഭകൾ ഒക്കെയുടെയും സമാധാനത്തിനും ഐക്യത്തിനും നിലനില് പിനും വേണ്ടി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സ.** ഞങ്ങളുടെ കർത്താവേ,.

**ശു.** കാലാവസ്ഥയുടെ സുസ്ഥിതിക്കും വത്സരത്തിൻറെ ഫലപുഷ്ടിക്കും ലോകം മുഴുവൻറയും ഐശ്വര്യത്തിനും വേണ്ടി നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സ.** ഞങ്ങളുടെ കർത്താവേ,

**ശു.** മിശിഹായുടെ സഭ മുഴുവൻറെയും അധിപനായ ഞങ്ങളുടെ പരി. പിതാവു (പേര്) മാർപ്പാപ്പായുടെയും മാർ (പേര്) മെത്രാപ്പോലീത്തായുടെ യും (അഥവാ മാർ പേര് മെത്രാൻറെയും) ആരോഗ്യ ത്തിനുവേണ്ടിയും നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കു ന്നു.

**സ.** ഞങ്ങളുടെ കർത്താവേ,

**ശു.** എല്ലാററിനേയും കൃപാപൂർവ്വംഭരിക്കുന്ന കാരുണ്യവാനായ ദൈവമേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സ.** ഞങ്ങളുടെ കർത്താവേ,

**ശു.** അനുഗ്രഹസമ്പന്നനും കരുണാവാരിധിയുമായ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സ.** ഞങ്ങളുടെ കർത്താവേ,......

**ശു.** പ്രകൃത്യാ ഗുണവാനും സകല നന്മകളുടെയും ദാതാവുമായ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സ.** ഞങ്ങളുടെ കർത്താവേ,

**ശു.** സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവ നും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സ.** ഞങ്ങളുടെ കർത്താവേ,......

**ശു.** പ്രകൃത്യാമരണമില്ലാത്തവനും ഉജ്ജ്വലമായ പ്രകാശത്തിൽ വസിക്കുന്നവനുമായ നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സ.** ഞങ്ങളുടെ കർത്താവേ,

**ശു.** ഞങ്ങളുടെ കർത്താവായ മിശിഹായെ നിൻറെ കൃപയാൽ ഞങ്ങളെല്ലാവരെയും രക്ഷിക്കണമെ. നിൻറെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെ.

**സ.** ഞങ്ങളുടെ കർത്താവേ,

**ശു.** നമ്മുടെ ആത്മാക്കളെ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും നമുക്കു ഭരമേല്പിക്കാം.

**സ.** ഞങ്ങളുടെ ദൈവമായ കർത്താവേ, നിന ക്കു ഞങ്ങൾ ഭരമേല്പ്പിക്കുന്നു.

**കാ.** ശക്തനായ ദൈവമേ, ഞങ്ങളുടെ ശരീരങ്ങളെയും ആത്മാക്കളെയും നിനക്കു ഞങ്ങൾ സമർ പ്പിക്കുന്നു. ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിച്ച്, എപ്പോഴും നിനക്കു പതിവാ യിരിക്കുന്നതുപോലെ നിൻ്റെ അനുഗ്രഹം ഞങ്ങളു ടെമേൽ വർഷിക്കണമെ. സകലത്തിൻ്റെയും നാഥാ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും ആമ്മേൻ.

**ശു.** നമുക്കു സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം.

**സ.** പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ പരിശുദ്ധനായ അമർത്യനെ, ഞങ്ങളെ അനുഗ്രഹിക്കണമെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

പരിശുദ്ധനായ ദൈവമേ......
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ
പരിശുദ്ധനായ ദൈവമേ.....

**ശു.** പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

## സ്ലോസാ

**കാ.** പ്രകൃത്യാ പരിശുദ്ധനും, അസ്തിത്വ ത്തിൽ സ്തുതിക്കപ്പെടുന്നവനും തൻ്റ ദൈവത്വത്തിൽ എല്ലാവരിലും ഉയർന്നവനും, നിത്യം പരിശുദ്ധവും, അനുഗ്രഹീതവുമായ സ്വഭാവത്തോടുകൂടിയവനുമായ ദൈവമേ, നിന്നെ ഞങ്ങൾ ഏറ്റുപറയു ന്നു, ആരാധിക്കുന്നു, സ്തുതിക്കുന്നു. സകലത്തിൻറയും നാഥാ നിത്യം പിതാവും പുത്രനും പരി ശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**സ.** ആമ്മേൻ

**ശു.** കൈവയ്പിനായി നിങ്ങൾ ശിരസ്സ് നമി ച്ച് ആശീർവാദം സ്വീകരിക്കുവിൻ.

**കാ.** മിശിഹാ നിൻ്റെ ശുശ്രൂഷയെ തൻ്റെ സ്വർ ഗ്ഗീയ രാജ്യത്തിൽ ശുദ്ധീകരിക്കട്ടെ. സദാ സ്തുതിക്കപ്പെടുന്ന ത്രിത്വത്തിലുള്ള പൂർണ്ണമായ ഏകവി ശ്വാസത്തിൽ നമ്മുടെ ആത്മാക്കളെ കയ്യാളിക്കാം. സ്നേഹത്തിൻറെ ഏക ഐക്യത്തിൽ നിനക്കു സ്തുതിയും, ബഹുമാനവും, കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ ഞങ്ങൾ എല്ലായ്പോഴും യോഗ്യരാകട്ടെ. സകലത്തിൻറെയും നാഥാ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മമാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**സ.** ആമ്മേൻ

വി. ഗ്രന്ഥപാരായണം, [താഴെക്കൊടുത്തിരിക്കുന്ന സു വിശേഷഭാഗങ്ങളിൽ നിന്നും ഏതെങ്കിലം ഒരെണ്ണം വായി ക്കുക.]

| | | | |
|---|---|---|---|
| i) | യോഹ. 2: 1-12 | iii) | ലൂക്കാ 1:26-38 |
| ii) | " 19: 25-27 | iv) | " 1:46-56 |

**ശു.** ജനങ്ങളെല്ലാം ഇതു ശ്രവിക്കുവിൻ

പ്രിയപ്പെട്ടവരെ നീതിമാന്മാരുടെയും വിശുദ്ധന്മാരുടെയും ചരിത്രത്തെ നമുക്കു അനുസ്മരി ക്കാം.

[സമൂഹം രണ്ടുഗണമായി]

യൊവാക്കീമിൽ നിന്നും അവൻറെ ഭാര്യയായ അന്നായിൽ നിന്നും സ്തുത്യമായ ഒരു ശാഖ മുളച്ചു. അനുഗ്രഹങ്ങൾ വഹിക്കുന്ന പുഷ്പം അതിൽ വിരി ഞ്ഞു. നമ്മുടെ കർത്താവിനു സ്തുതി. ദൈവത്തിൻറെ പുത്രാ നിനക്കു സ്തുതി. നീ മറിയത്തിലൂടെ ഞങ്ങളുടെ ശിരസിനെ ഉയർത്തി.

**(അല്ലെങ്കിൽ ഗാനം)**

(ബാഹർലെമ്പാ.... യാദാഹൂശാവേ...)

യൊവാക്കീം അന്നാ
അപ്പൊൻ വല്ലരിയിൽ
പുണ്യം തളിർചൂടും
മുകുളമുദിച്ചല്ലോ
വരമഴപൊഴിയും മലരഴകിൽ
പൊട്ടി വിരിഞ്ഞല്ലോ

അനുപമമീദാനം
നൽകിയ കർത്താവേ
അർച്ചനചെയ്യുന്നു
സ്തുതിയുടെ പുതുപൂക്കൾ
മറിയം വഴി നീ മാനത്തിൽ
മുടിയണിയിച്ചവരെ

ഭൂമിയിൽ വസിക്കുന്ന എല്ലാവരും ഇതു കേൾക്കുവിൻ.

യൊവാക്കീമിൽനിന്നും.......

അല്ലെങ്കിൽ ഗാനം

യൊവാക്കീം അന്നാ......

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഭാഗ്യവതിയായ പരിശുദ്ധ മറിയമേ, നിൻറ പ്രാർത്ഥനകളും യാചനകളും വിശ്വാസികളുടെ സമൂഹത്തിന് ഒരു കോട്ടയും അഭയസ്ഥാനവും ആയിരിക്കട്ടെ. അവർ ഇന്നു നിൻ്റെ വാഴ്ത്തപ്പെട്ട ജനനത്തിൻറ തിരുനാൾ ആഘോഷിക്കുന്നതിന് അണഞ്ഞിരി ക്കുന്നു. ഞങ്ങളുടെ കർത്താവും ദൈവപുത്രനുമായ മിശിഹായേ നിനക്കു സ്തുതി. നിൻ്റെ ജനനിയുടെ പ്രാർത്ഥനയാൽ ഞങ്ങളെ സംരക്ഷിച്ചുകൊളളണമേ.

**(അല്ലെങ്കിൽ ഗാനം)**

(ബ്എന്താൻസപ്രാ...)

സൗഭാഗ്യത്തിൻ താരകമേ
മേരി നിന്നുടെ പ്രാർത്ഥനകൾ
നിതരാം നിന്നുടെ യാചനകൾ
നിൻതിരുജനനം ഘോഷിക്കും
ഞങ്ങൾക്കഭയം നൽകട്ടെ
കോട്ടയുമായിത്തീരട്ടെ.

ഈശോനാഥാ ദൈവസുതാ
നിന്നുടെ വത്സലമാതാവിൻ
പ്രാർത്ഥനകൈക്കൊണ്ടീടണമേ
കനിവാർന്നിവരെ കാക്കണമേ
ഞങ്ങൾ നിൻസ്തുതി പാടുന്നു
തിരുമുമ്പിൽ പ്രണമിക്കുന്നു.

എൻ്റെ വിശുദ്ധിയിൽ ഒരു കാര്യം ദാവീദിനോ ടു ഞാൻ സത്യം ചെയ്തു.

ഞാൻ വ്യാജം പറയുകയില്ല. അവൻറെ പുത്രൻ എന്നേയ്ക്കും ഉണ്ടായിരുന്നു. അവന്റെ വിശ്വാസം സൂര്യനെപ്പോലെയും, എൻ്റെ മുമ്പിൽ ചന്ദ്രനെ പ്പോലെയും ആകർഷിക്കപ്പെട്ടു. ആകാശത്തിൽ വിശ്വസ്തമായ സാക്ഷ്യം.

**(അല്ലെങ്കിൽ ഗാനം)**

(തൂയെ......)

എന്നധരങ്ങളിലൊരുനാളും
വ്യാജം വിടരുകയില്ലേതും
അവനുടെയാത്മജനാദിമുതൽ
എന്നെന്നും നിലനില്ക്കുന്നു

ദൃഢമാവനുടെ വിശ്വാസം
എന്നുടെ മുമ്പിൽ കതിർതൂകി
ചന്ദ്രാർക്കന്മ്മാരെന്നതുപോൽ
സകലജനത്തിനുമിതു സാക്ഷ്യം

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂ ഹം രണ്ടുഗണമായി ചൊല്ലുന്നു) നിൻ്റെ നാമം പരി ശുദ്ധമാക്കപ്പെടണം. നിൻ്റെ രാജ്യം വരണം. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നി ൻറെ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമി യും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

## അവസാന പ്രാർത്ഥനകൾ

(അവസാന പ്രാർത്ഥനയിൽ ‘സമാപന പ്രാർത്ഥന' മാത്രം നിർബന്ധമായും ചൊല്ലിയാൽമതി]

**കാ.** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ,

നിൻെറ പരിശുദ്ധനാമം സ്തുതിക്കപ്പെടട്ടെ. നി ൻറ ദൈവത്വം ആരാധിക്കപ്പെടട്ടെ, നിൻറെ കർതൃത്വം ബഹുമാനിക്കപ്പെടട്ടെ. നിൻറെ ഔന്നത്യം എങ്ങും പരക്കട്ടെ, നിൻറെ അസ്തിത്വം ഉയർത്തപ്പെടട്ടെ. നിൻറെ ജനത്തിന്റെ മേൽ നിൻറെ പരിശുദ്ധ ത്രിത്വത്തിന്റെ നിത്യമായ അനുഗ്രഹം എപ്പോഴും വർഷിക്കപ്പെടട്ടെ. സകലത്തിൻ്റെയും നാഥാ, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും .

**സ.** ആമ്മേൻ.

**കാ.** കർത്താവേ, നിൻറെ ദൈവത്വം സ്വർഗ്ഗത്തിലും ഭൂമിയിലും വാഴ്ത്തപ്പെട്ടതാകുന്നു. വിശുദ്ധവും, സ്തുത്യവും, ഉന്നതവുമായ നിൻ്റെ ത്രിത്വത്തിൻറെ ആരാധ്യമായ നാമം എല്ലായ്പ്പോഴും ആരാധിക്കപ്പെട്ടതാകുന്നു. സകലത്തിൻ്റെയും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും. നാഥാ

**സ.** ആമ്മേൻ.

**കാ.** കർത്താവേ, ഭാഗ്യവതിയായ മറിയത്തിൻറെ പ്രാർത്ഥനയാലും, നിന്നെ രഞ്ജിപ്പിക്കുന്ന സകല വിശുദ്ധ്ധരുടെയും അപേക്ഷകളാലും, സകല നന്മയും കൃപയും നിറഞ്ഞ നിൻെറ വിശുദ്ധ ഭവനത്തിൽ നിന്ന് നിൻ്റെ അനുഗ്രഹങ്ങളുടെയും കാരുണ്യത്തിൻ്റെയും സഹായം, ആരാധ്യമായ ത്രിത്വത്തിൻറെ നിഗൂഢവും സ്തുത്യർഹവുമായ ശക് തിയും, അനുഗ്രഹവും കാരുണ്യം നിറഞ്ഞിരിക്കുന്ന നിൻ്റെ വലതുകരവും ബലഹീനരായ നിൻ്റെ ആരാധകരുടെ മേൽ നിഴലിപ്പിക്കേണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ !

**സ.** ആമ്മേൻ.

**കാ.** കർത്താവേ, വിശുദ്ധ കന്യകയുടെ പ്രാർത്ഥനയും, വാഴ്ത്തപ്പെട്ട അവളുടെ വചനവും, വി. സ്ലീവായുടെ വലിയ

ശക്തതിയും, ദൈവികസഹായവും സ്ഥാപകയോഹന്നാൻ പ്രാർത്ഥനയും ഞങ്ങൾക്ക് എല്ലാ സമയത്തും തുണയായിരിക്കട്ടെ. സകലത്തിൻറെയും നാഥാ, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും

**സ.** ആമ്മേൻ.

**കാ.** നിർമ്മലനും വിശുദ്ധനും ഭാഗ്യവാനുമായ ഞങ്ങളുടെ പിതാവ് മാർ തോമ്മാശ്ലീഹായുടെയും, പൗരസ്ത്യ ഗുരുക്കന്മാരായ മാർ അദ്ദായിയുടെയും, മാർ മാറിയുടെയും, പ്രഥമ വേദസാക്ഷിയായ മാർ എസ്തപ്പാനോസിൻ്റെയും, മാർ എപ്രേമിൻറെയും, വീരയോദ്ധാവും വിശ്രുതവേദസാക്ഷിയുമായ മാർ ഗീവർഗീസിൻറെയും, മാർ കുര്യാക്കോസിൻറെയും, മാർ പെസിയോൻ്റെയും, മാർ ഹൊർമ്മീസിൻെറയും ഭാഗ്യവാനായ മാർ ഔഗൻെറയും, അദ്ദേഹത്തിൻറെ ആദ്ധ്യാത്മിക ഗണം മുഴുവൻറെയും വിശുദ്ധ ബർബരായുടെയും, ശ്മോനിയുടെയും അവളുടെ സന്താനങ്ങളുടെയും, മെസ്കേന്തായുടെയും, അവളുടെ  മക്കൾ രണ്ടു പേരുടെയും, നമ്മുടെ കർത്താവിൻ്റെ സകലവേദസാക്ഷികളുടെയും, വിശുദ്ധരുടെയും പ്രാർത്ഥനയും യാചനയും ദുഷ്ടനിൽ നിന്നും അവൻറെ സൈന്യങ്ങളിൽ നിന്നും ഞങ്ങളുടെ ആത്മ ശരീരങ്ങളെ പരിരക്ഷിക്കുവാൻ എല്ലാ സമയവും നിരന്തരം ഉന്നതമായ കോട്ടയും സുരക്ഷിതമായ അഭയസ്ഥാനവും ആയിരിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ!

**സ.** ആമ്മേൻ

## സമാപന പ്രാർത്ഥന

**കാ.** ദൈവത്തിനു സ്തുതിയും മാലാഖാമാർക്കു വണക്കവും സാത്താനുലജയും സ്ലീവായ്ക്കുവഌനവും തിരുസഭയ്ക്കു ഉയർച്ചയും, മരിച്ചവർക്കു ഉയിർപ്പും, അനുതാപികൾക്കു

നവീകരണവും, ബന്ധിതർക്കുമോചനവും, രോഗികൾക്കു ആരോഗ്യവും, ക്ഷീണിതർക്കു ബലവും ലോകത്തിൻറെ നാനാഭാഗങ്ങളിലും വലിയ സമാധാനവും ശാന്തിയും, കൈവരട്ടെ. ബലഹീനരും പാപികളുമായ നമ്മുടെ മേൽ ആരാധ്യനായ ദൈവത്തിൻറെ കൃപയും അനുഗ്രഹവും ഉണ്ടായിരിക്കുകയും അവ സ്ഥിരമായി നമ്മിൽ ഭരണം നടത്തുകയും ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

**സ.** ആമ്മേൻ

[കാർമ്മികനിൽനിന്നു് ശുശ്രൂഷി സമാധാനം സ്വീകരിച്ച് ആരംഭത്തിലേതു പോലെ എല്ലാ വരും പരസ്പരം സമാധാനം കൈമാറുന്ന തോടെ ശുശ്രൂഷ സമാപിക്കുന്നു]

# ലെലിയാ - പ്രാ

[റംശായിലേതുപോലെ കാർമ്മികനും സമൂഹവും പരസ്പരം സമാധാനം ആശംസിച്ചുകൊണ്ട് ആരം ഭിക്കുന്നു.]

**കാ.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സ.** ആമ്മേൻ. (3 പ്രാവശ്യം)

**കാ.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും നല്ല ശരണവും എപ്പോഴും എന്നേയ്ക്കും

**സ.** ആമ്മേൻ.

**കാ.** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു) നിൻറെ നാമം പരിശുദ്ധമാകപ്പെടണം, നിൻറ രാജ്യം വരണം, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യരും നീ പരി ശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറെ നാമം പരിശുദ്ധമാകപ്പെടണം. നിൻറെ രാ ജ്യം വരണം. നിൻ്റെ ഇഷ്ടം സ്വർഗ്ഗത്തിലെന്നതു പോലെ ഭൂമിയിലും ആകണം.

ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാ പങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്ര ലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. എന്തുകൊ ണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേ യ്ക്കും നിൻറതാകുന്നു. ആമ്മേൻ.

**കാ.** പിതാവിനും പുത്രനും പരിശുദ്ധാത മാവിനും സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻറെ നാമം പരിശുദ്ധമാകപ്പെടണം. നിൻറ രാജ്യം വരണം, നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻ്റെ സ്തുതിയുടെ മഹത്വത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖാമാരും മനുഷ്യ രും നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**ശു.** സമാധാനം നമ്മോടുകൂടെ.

[സമൂഹം രണ്ടുഗണമായി താഴെവരുന്ന പ്രാർത്ഥനകൾ ചൊല്ലുന്നു.]

കർത്താവിനെ ഞാൻ എല്ലാ സമയത്തും സ്തുതിക്കും

ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനായ നീതിമാ നായ അബ്രാഹത്തിനു ലഭിച്ച അനുഗ്രഹങ്ങൾ പ. മ റിയത്തിൻറെ പിതാവായ യൊവാക്കീം സ്വീകരിക്കു കയും അവനിൽനിന്ന് അത് നിർഗ്ഗളിക്കുകയും തെ രഞ്ഞെടുക്കപ്പെട്ട ക്രിസ്ത്യാനികളുടെയിടയിൽ ഒഴുകുകയും, പരിശുദ്ധയും ഭാഗ്യവതിയുമായവളുടെ ജനനത്താൽ നമ്മുടെ മാതാവായ ഹവ്വാ ബഹുമാനിക്കപ്പെടുകയും, ശപിക്കപ്പെട്ട ഭൂമി വാഴ്ത്തപ്പെടുകയും ചെയ്തു. അവളിൽനിന്ന് സൂര്യൻ ജനിക്കുകയും നാനാഭാഗത്തേയും പ്രകാശിപ്പിക്കുകയും ചെയ്തു-അവനു സ്തുതിയും ബഹുമാനവും ആരാധനയും ഉണ്ടായിരിക്കട്ടെ.

**(അല്ലെങ്കിൽ ഗാനം)**

(ലൈക്കാ ഏസൽ......)

ദൈവാനുഗ്രഹപൂരിതനായി
നീതിനിറഞ്ഞു കവിഞ്ഞവനായി

മേവിയൊരബ്രാഹം കൈക്കൊണ്ട
വരമെല്ലാം മറിയത്തിൻ താതൻ
യൊവാക്കിമാം ധന്യനിലൂടെ
ക്രൈസ്തവലോകം തന്നിലണഞ്ഞു

അവൻറെ ബഹുമാനത്തിൻ്റെ നാമം എന്നേയ് ക്കും വാഴ്ത്തപ്പെട്ടതാകുന്നു.

ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവനായ.............

**(അല്ലെങ്കിൽ ഗാനം)**

മറിയത്തിന്റെ ജനനത്താൽ ഹാവ്വാ
മഹിമാവിൽ പൊൻമകുടമണിഞ്ഞു
ധരയഭിശപ്ത, മനുഗ്രഹമാർന്നു
ഇരുളലനീക്കും സൂര്യനുയർന്നു
നാഥാസ്തോത്രവുമാരാധനയും
സ്തുതിയും ഞങ്ങളണച്ചീടുന്നു.

"എൻറെ കർത്താവിനെ ഞാൻ പുകഴ്ത്തുന്നു."

വി. അന്നാ നിത്യനായ കർത്താവിനെ ഉച്ചത്തിൽ വാഴ്ത്തി സ്തുതിച്ചുകൊണ്ടു പറഞ്ഞു: "എന്റെ നിന്ദാപമാനങ്ങളെ മാറ്റിക്കളഞ്ഞ കർത്താവ് അനുഗ്രഹീതനാകുന്നു. അവർ എന്നെ അപമാനിച്ചുകൊണ്ടു പറഞ്ഞു. "കർത്താവ് തൻ്റെ അനുഗ്രഹത്തിൻറെ കരങ്ങൾ നിന്നിൽനിന്നകറ്റിയിരിക്കുന്നു എന്ന്" എന്നാൽ ഇന്ന് ശിരസ്സുയർത്തി ഉച്ചത്തിൽ എൻറെ കർത്താവിനെ ഞാൻ സ്തുതിക്കും. ബലഹീനയായ എൻറ മേൽ അനുഗ്രഹത്തിൻറെ കരങ്ങൾ നീട്ടുകയും എനിക്കു ഒരു പുത്രിയെ തരികയും ആദത്തെ ജീവനിലേക്കു നയിക്കുകയും ചെയ്തവനെ ഞാൻ സ്തുതിക്കുകയും ചെയ്യുന്നു."

**(അല്ലെങ്കിൽ ഗാനം)**

(ഏറമർമാക്......)

അന്നായൊരുനാളുച്ചത്തിൽ
നന്ദിനിറഞ്ഞമനസ്സോടെ

അത്യുന്നതനാം ദൈവത്തിൻ
അപദാനങ്ങൾ കീർത്തിച്ചു.

എന്നപമാനമകററീ നീ
ഉന്നതിയിന്നുകനിഞ്ഞേകി
ആരാധ്യൻ നീ സകലേശാ
ആരാധകരുടെയവലംബം.

നാഥൻ തന്നുടെ ശാപമതാ
ണേവം ചൊന്നവർ നിന്ദിച്ചു.
തിരുസന്നിധിയിൽമാത്രം ഞാ
നെൻശിരസ്സിന്നു നമിക്കുന്നു.

ഏഴയെനിക്കൊരു മകളെത
ന്നാദിപിതാവിനെയഴിവില്ലാ
ജീവനിലേക്കു നയിച്ചവനെ
നാഥാ നിന്നെ വണങ്ങുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിന്റെ മാർഗ്ഗത്തിൽചരിച്ച നീതിമാന്മാരോടുകൂടി നിൻറെ ദാസിയുടെ ജനനത്തെ ഞങ്ങൾ ബഹുമാനിക്കട്ടെ. അവളുടെ പ്രാർത്ഥനയാൽ സത്യത്തെ ദ്വേഷിക്കുന്നവരുടെ രഹസ്യവും പരസ്യവുമായ എല്ലാചതികളിൽനിന്നും നീ ഞങ്ങളെ സംരക്ഷിക്കണമെ. എല്ലാമനുഷ്യരും ആമ്മേൻ ആമ്മേൻ എന്ന് ഉദ്ഘോഷി ക്കട്ടെ.

**(അല്ലെങ്കിൽ ഗാനം)**

(ബ് എന്താൻസ പ്രാ......)

അത്യുന്നതനാമഖിലേശാ
നിൻപരിപാവനപാതകളിൽ
നീതിപുണർന്നുചരിച്ചവരാം
പൂർവ്വികരും ചേർന്നീഞങ്ങൾ

പാടിവണങ്ങുന്നവിടുത്തെ
ദാസിയവൾതാൻജനനത്തെ.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

സത്യസ്വരൂപാ കർത്താവേ
കന്യാംബികതൻ പ്രാർത്ഥനയാൽ
രക്ഷയിവർക്കരുളീടണമേ
ദുഷ്ടനൊരുക്കും കെണിയെല്ലാം
നിൻകരവല്ലിതകർക്കട്ടെ
നിൻപുകളെന്നും വിരിയട്ടെ.

**ശു.** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

**കാ.**ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവ മേ,
ഭാഗ്യവതിയായ ഞങ്ങളുടെ അമ്മ, വാഴ്ത്തപ്പെട്ട പരിശുദ്ധ
മറിയത്തിൻറെ പ്രാർത്ഥന ഞങ്ങൾക്കു ശക്തിയുള്ള
ആയുധമായിരിക്കട്ടെ. ഞങ്ങൾ അവളോടുകൂടി
സ്വർഗ്ഗീയമണവറയിൽ നിത്യം വസിക്കുവാൻ ഇടയാകട്ടെ.
സകലത്തിൻറെയും നാഥാ എന്നേയ്ക്കും .

**സ.** ആമ്മേൻ.

സങ്കീർത്തനം 44

[സങ്കീർത്തനത്തിൻറെ ആദ്യപാദം ശുശ്രൂഷി ചൊല്ലുമ്പാൾ
ഒന്നാംഗണം അത് ആവർത്തിക്കുകയും തുടർന്നു സമൂഹം
ഇരുഗണമായി ചൊല്ലുകയും ചെയ്യുന്നു.]

ഞങ്ങളുടെ പിതാക്കന്മാരുടെ കാലത്ത് അവർക്കുവേണ്ടി
അങ്ങുന്നു ചെയ്തകാര്യങ്ങൾ അവരിൽനിന്നു ഞങ്ങൾ കേട്ടിട്ടുണ്ട്.

അവർ പറഞ്ഞ കഥയെല്ലാം ഞങ്ങളുടെ ചെവികൊണ്ടു
കേട്ടിട്ടുണ്ട്.

അവരെ നട്ടുവളർത്തുവാൻ വേണ്ടി
വിജാത യരെ അങ്ങുന്നു പിഴുതെറിഞ്ഞു.

അവരെ പാർപ്പിക്കാൻ വേണ്ടി
ജനതകളെ അങ്ങു ചിതറിച്ചു.

അവർ നാടുകൈവശമാക്കിയത്
സ്വന്തം വാളുപയോഗിച്ചല്ല.

അവർ വിജയം നേടിയത്
സ്വന്തം ഭുജബലത്താലുമല്ല.

അവരെ രക്ഷിച്ചത് അങ്ങേ വലത്തുകൈയ്യും
അങ്ങേ മുഖപ്രസാദവുമാകുന്നു:

എന്തെന്നാൽ അങ്ങുന്നു അവരെ സ്നേഹിച്ചിരുന്നു

എൻറെ രാജാവായ ദൈവമേ,
യാക്കോബിനു വിജയം നൽകിയത്
അങ്ങുതന്നെയാണല്ലോ.

അങ്ങേ ദിവ്യസഹായത്താൽ
ശത്രുക്കളെ ഞങ്ങൾ പരാജിതരാക്കും

ഞങ്ങളുടെ എതിരാളികളെയെല്ലാം
അങ്ങേനാമത്തിൽ ഞങ്ങൾ കീഴ്പ്പെടുത്തും

ഞങ്ങളുടെ ആശ്രയം വാളും വില്ലുമല്ല
ശത്രുക്കളിൽനിന്നു ഞങ്ങളെ രക്ഷിച്ചത്
അങ്ങുന്നാണല്ലോ.

അവരെ തലകുനിപ്പിച്ചത്
അങ്ങുതന്നെയാകുന്നു

നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കും
എന്നും അങ്ങേ നാമം പ്രകീർത്തിക്കും

ദൈവമേ പെട്ടെന്നു ഞങ്ങളെ പരിത്യജിച്ചുവോ?
ഞങ്ങളുടെ സൈന്യത്തിന്റെ കൂടെ ഇറങ്ങുന്നില്ലയോ ?

ഞങ്ങൾപിന്തിരിഞ്ഞോടുവാൻ
അങ്ങുന്നു ഇടയാക്കിയല്ലോ:
ശത്രുക്കൾ ഞങ്ങളെ കൊള്ളയടിക്കുകയും ചെയ്തു.

'കൊലയ്ക്കുഴിഞ്ഞുവച്ച ആടുകളെപോലെ
ഞങ്ങളെ അവർക്കു ഏല്പിച്ചുകൊടുത്തു

വിജാതീയരുടെയിടയിൽ
അങ്ങുന്നു ഞങ്ങളെ ചിതറിച്ചു.

അങ്ങയുടെ ജനത്തെ മുഴുവൻ
വിലയൊന്നും കൂടാതെവിററുകളഞ്ഞു:
അങ്ങേയ്ക്കു ലാഭമൊന്നും കിട്ടിയുമില്ല.

അയല്ക്കാർക്കു ഞങ്ങളെ പരിഹാസവിഷയമാക്കി:

ചുറ്റുമുള്ളവർക്കു നിന്ദാപാത്രവുമാക്കി

വിജാതീയരുടെയിടയിൽ
ഞങ്ങൾപരിഹാസവിഷയമായി

ഞങ്ങളെ അവർ അവജ്ഞയോടെ നോക്കി.
ഞങ്ങൾ എപ്പോഴും ലജ്ജാഭരിതരായി കഴിയുന്നു

ശത്രുക്കളുടെ പരിഹാസവും
വൈരികളുടെ പ്രതികാരവും മൂലം
ഞങ്ങൾ അപമാനിതരായി

ഇതെല്ലാമായിട്ടും ഞങ്ങൾ അങ്ങയെ മറന്നില്ല:
അങ്ങേ ഉടമ്പടി ലംഘിച്ചുമില്ല.

ഞങ്ങൾ പുറകോട്ടുതിരിഞ്ഞുനോക്കുകയോ
അങ്ങേ മാർഗ്ഗത്തിൽ നിന്നുമാറുകയോ ചെയ്തില്ല

എങ്കിലും വീണ്ടും ഞങ്ങളെ ദു:ഖത്തിലാഴ്ത്തുകയും

മരണത്തിൻറെ ഇരുളുകൊണ്ടുമൂടുകയും ചെയ്തു

ഞങ്ങൾ ദൈവനാമം മറക്കുകയോ
അന്യദേവന്മാരെ ആശ്രയിക്കുകയോ ചെയ്തില്ല

ഹൃദയരഹസ്യങ്ങളറിയുന്ന ദൈവം
ഇതെല്ലാം കാണുന്നുണ്ടല്ലോ.

ദിവസവും ഞങ്ങൾ അങ്ങയെപ്രതി വധിക്കപ്പെടുന്നു

ബലിയാടുകളായി ഞങ്ങൾ ഗണിക്കപ്പെടുന്നു.

കർത്താവേ അങ്ങുന്നു ഉണരുക:
ഞങ്ങളെ മറന്നു കളയരുതേ.

ഞങ്ങൾപൊടിയോളം താഴുകയും
തറയിൽ വീഴുകയും ചെയ്തു.

അങ്ങുന്നു എഴുന്നേററുവന്നു
കാരുണ്യപൂർവ്വം ഞങ്ങളെ രക്ഷിക്കണമെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

## സ്തോത്രം

ലോകത്തിലെ എല്ലാതലമുറയിലും നീതിമാന്മാരുടെയും
വിശുദ്ധന്മാരുടെയും പക്കൽ വന്നു നിന്നഅനുഗ്രഹം വി.
യോവാക്കീമിൻ്റെയും അന്നായുടെയും പക്കലെത്തുകയും
അവർ പരിശുദ്ധ മറിയത്തെ ജനിപ്പിക്കുകയും ചെയ്തു. അവളുടെ
പ്രാർത്ഥന ഞങ്ങളെ സഹായിക്കട്ടെ. ഞങ്ങളുടെ രക്ഷകനായ
ദൈവമേ നിനക്കു സ്തുതി. കൊണ്ടെന്നാൽ

നിൻറെ പ്രവാചകന്മ്മാർ വഴി നീ അരുളിച്ചെ യ്തത് ഇന്നും അന്വർത്ഥമായി. പരിശുദ്ധ കന്യകയെ ഇന്നു നിൻറെ ജനനത്തിൻ്റെ ആഘോഷത്തിനു നീ ഞങ്ങളെ ക്ഷണിച്ചു. കർത്താവായ ദൈവത്തോടു നിർഭാഗ്യവാന്മാരായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ. ദൈവത്തിൻറെ കൃപയും അനുഗ്രഹവും ഞങ്ങൾക്കു സമൃദ്ധമായി ലഭിക്കുന്നതിനുവേണ്ടി നീ പ്രാർത്ഥിക്കണമെ. കർത്താവേ എല്ലാ സമയത്തും ഞങ്ങളുടെ ശരണവും പ്രത്യാശയും നീയാകുന്നു. നിൻറെ ഭണ്ഡാരത്തിൽ നിന്നും കൃപയും അനുഗ്രഹവും പാപവിമോചനവും ഞങ്ങൾക്കു നൽകേണമേ

**(അല്ലെങ്കിൽ ഗാനം)**

(തൂയെ............)

തലമുറകൾതൻ സുകൃതത്തിൽ
കലവറകാത്തൊരുനിധിതന്നിൽ
യോവാക്കീം അന്നായിവരിൽ
നിന്നുപിറന്നൊരുശിശുവായി

അമലമനോഹരിയവളല്ലോ
ദൈവകുമാരനുമാതാവായ
അവളുടെ പ്രാർത്ഥനയനവരതം
ധരയുടെയാശ്രയമണിദീപം

കർത്താവേ നിൻ വാഗ്ദാനം
ഒരുകന്യകയാം വല്ലരിയിൽ
പൂങ്കനിചൂടിയൊരീനാളിൽ
ഓർമ്മകൾ നിൻസ്തുതിപാടട്ടെ.

അമ്മേ നീയാണാശ്രയവും
അഭിമാനത്തിൻ ഭാജനവും
കൈക്കുമ്പിളുമായ് നിൻമുമ്പിൽ
മക്കൾ നില്പു കനിയണമേ.

## സമാപന പ്രാർത്ഥന

കർത്താവിൻറെറ അനുഗ്രഹം യൊവാക്കീമിൻറ യും പരിശുദ്ധയായ അന്നായുടെയും മേൽ വർഷിക്കപ്പെട്ടു. അവർ പരിശുദ്ധമറിയത്തെ ജനിപ്പിച്ചു എല്ലാ സൃഷ്ടികളുടെയും പ്രതീക്ഷ അവളിൽ ശക്തിപ്പെട്ടു. പൂർവ്വപിതാക്കന്മാരോടു ദൈവം അരുളിച്ചെ കാര്യങ്ങൾ ഓർത്തുകൊണ്ടു തിരുസഭ ഇന്നും അവളുടെ ജനനത്തെ ബഹുമാനിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു

**(അല്ലെങ്കിൽ ഗാനം)**

(ബ്രിക്ക്ഹന്നാനാ...)

യോവാക്കീമും അന്നയുമതുലം
ദൈവാനുഗ്രഹപൂരിതരായി

അവരുടെ സ്നേഹവിഹായസ്സിലുദയം
ചെയ്തുഷ:താരകകന്യാമറിയം

ധരയുടെ ആശകളെല്ലാമവളിൽ
തളിരും മലരും കനിയുമണിഞ്ഞു,

സാദരമോർപ്പൂനാഥാപൂർവ്വ
പിതാക്കൾക്കേകിയൊരടയാളങ്ങൾ

"പുത്രനു കന്യക ജനനം നൽകും"
വചനമതിൽധരയാശയണച്ചു

അക്കന്യകതൻ ജനനം തിരുസ്സഭ
അതിമോദത്താൽ കീർത്തിക്കുന്നു.

[കാർമ്മികനിൽ നിന്നും ശുശ്രൂഷി സമാധാനം സ്വീകരിച്ചു സമൂഹത്തിനു കൈമാറുന്നു]

# സ്വർഗ്ഗാരോപണത്തിരുനാളിന് ഒരുക്കമായുള്ള പ്രാർത്ഥനാ ശുശ്രൂഷ

## ൧ംശാ

[കാർമ്മികനും സമൂഹവും പരസ്പ്പരം സമാധാനം ആശംസിച്ചുകൊണ്ട് ആരംഭിക്കുന്നു.]

**കാ.** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സ.** ആമ്മേൻ. (3 പ്രാവശ്യം)

**കാ.** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും

നല്ല ശരണവും എപ്പോഴും എന്നേയ്ക്കും

**സ.** ആമ്മേൻ.

സ്വർഗ്ഗസ്ഥനായ......

[തുടർന്നു കദം വരെയുള്ള ഭാഗങ്ങൾ 1-5 കാണുക)

എല്ലാസമയത്തും എല്ലാ നാഴികയിലും.

കർത്താവിൻറെ കൃപയാൽ അരൂപികളുടെയും പരിശുദ്ധ ശ്ലീഹന്മാരുടെയും ഗണങ്ങളോടുകൂടി ഭാഗ്യവതിയായ പരിശുദ്ധമറിയത്തിൻറെ 'ശൂനായ'1 (സ്വർഗ്ഗാരോപണ) തിരുനാൾ ആഘോഷിക്കുന്നതിനും ബഹുമാനിക്കുന്നതിനും കർത്താവേ ഞങ്ങളെ യോഗ്യരാക്കണമെ. ഇമ്പമേറിയ താളങ്ങളാലും പരിശുദ്ധാത്മാവിൻ്റെ ഗാനങ്ങളാലും ഞങ്ങൾ അങ്ങനെ ചെയ്യട്ടെ, അവളുടെ പ്രാർത്ഥനയും വചനവും വഴി നിൻ്റെ മഹത്വമേറിയ രണ്ടാമത്തെ വരവിൽ അവളോടുകൂടി ഞങ്ങൾ ആനന്ദിക്കുവാൻ ഇടയാകട്ടെ.

------------------------------------------------------------

1 സ്വർഗ്ഗാരോപണം എന്നതിൻെറെ സുറിയാനി പദമാണ് 'ശൂനായ' ഇതിന് വേർപെടുത്തൽ (Seperation) എന്ന് അർത്ഥം.

നിനക്കു സ്തുതിയും മഹത്വവും എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

**(അല്ലെങ്കിൽ ഗാനം)**

(ബ് എന്താൻ പ്രാ...)

കർത്താവേ നിൻകരളലിവാൽ
ശ്ലീഹന്മാരും വാനവരും
ചേർന്നവിടുത്തെ മാതാവിൻ
ശൂനായാഘോഷിച്ചിടുവാൻ
യോഗ്യത ഞങ്ങൾക്കേകണമേ
മാനസവീണമുറുക്കണമേ.

ഞങ്ങളുടെ ആയുസിൻറെ എല്ലാദിവസങ്ങളിലും

കർത്താവിൻ്റെ കൃപയാൽ.....

**(അല്ലെങ്കിൽ ഗാനം)**

ദിവ്യാത്മാവിൻ മോഹനമാം
നിർമ്മല മധുരിതഗാനങ്ങൾ
ഇന്നിവരൊന്നായ് പാടട്ടെ
നീയണയുമ്പോളതിമോദാൽ
അമ്മയുമൊത്തെതിരേറ്റീടാൻ
കർത്താവേ കൃപചെയ്യണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഞങ്ങളുടെ രക്ഷകനായ മിശിഹായെ,നിന്നെ ഞങ്ങൾ സ്തുതിക്കുകയും നുനക്കു നന്ദിപറയുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ജീവൻറ മാതാവിനെ ക്ഷണികമായ ഈ ലോകത്തിൽ നിന്ന് സന്തോഷങ്ങൾ നിറഞ്ഞ സ്ഥലത്തേക്കു മാററുന്നതിനും ഇന്നു നീ തിരുമനസ്സായി. അവിടെ എന്നേ യ്ക്കും അരൂപികളുടെ ഗാനങ്ങളോടും സ്വർഗ്ഗീയ സൈന്യങ്ങളോടുംകൂടി അവൾ ആനന്ദിക്കുന്നു. ഞങ്ങളുടെ കർത്താവേ, അവളോടുകൂടി ആ നിത്യജീ വനിൽ പങ്കുചേർന്ന് നിത്യാനന്ദം അനുഭവിക്കുവാൻ നിൻറെ കൃപയാൽ ഞങ്ങളെ യോഗ്യരാക്കണമേ.

## (അല്ലെങ്കിൽ ഗാനം)

(തൂയൈ...)

നരരക്ഷകനാം മിശിഹായേ
പദമലർഞ്ഞങ്ങൾ നമിക്കുന്നു
സ്തുതിയുടെ ഗീതികൾ പാടുന്നു
ഹൃദയം കാഴ്ചയണയ്ക്കുന്നു
നശ്വരധരതൻ മടിയിൽനി-
ന്നക്ഷയഭാഗ്യസമന്വിതമാം
പറുദീസായിൽ മറിയത്തെ
സുദിനമിതിൽ നീ കരയേറ്റി.

വാനവസൈന്യവുമശരീരി
വന്ധവുമൊത്തവിടനുഭൂതി
അവളനവരതം നുകരുന്നു
സുരപുരമഹിമയിൽ വിലസുന്നു.

നാഥാ കരുണാസാഗരമേ
ഞങ്ങളുമവിടെയണഞ്ഞീടാൻ
അമ്മയോടൊത്തു വസിച്ചീടാൻ
അർഹതതന്നരുളീടണമേ.

## ദ്വാസർ

വലിയവരോടുകൂടി ചെറിയവരും

പ്രിയപ്പെട്ടവരെ വരുവിൻ, ഭാഗ്യപ്പെട്ടവളുടെ സ്വർഗ്ഗാരോപണ ദിവസത്തിൽ നമുക്കു സന്തോഷിച്ചാനന്ദിക്കാം. അരൂപികളോടും ശ്ലീഹന്മാരുടെ ഗണത്തോടും ചേർന്ന് നമുക്കു അവളുടെ തിരുനാൾ ആ ഘോഷിക്കാം. ദൈവാനുഗ്രഹം ലഭിക്കുവാൻ വേണ്ടി നമുക്കു അവളോടു പ്രാർത്ഥിക്കാം. നമ്മുടെ ദൃ ഷ്ടിയും ഹൃദയവും അവളിലേക്കു തിരിച്ചുകൊണ്ട് പ്രാർത്ഥിക്കാം. ഞങ്ങളുടെ ദൈവത്തിൻറെ മാ താവേ, ഞങ്ങളുടെ രക്ഷകനെ പ്രസവിച്ചവളെ, ശിക്ഷാവിധിയിൽ നിന്നു ഞങ്ങൾ രക്ഷിക്കപ്പെടുന്നതിനു ഞങ്ങൾക്കുവേണ്ടി നീ ദൈവത്തോടു പ്രാർത് ഥിക്കണമെ.

**36**

## (അല്ലെങ്കിൽ ഗാനം)

(കാവാാമ്പദസ്വർസേ...)

പ്രിയരെ വരുവിൻ സൗഭാഗ്യം
പുണരും കന്യാമറയത്തിൻ
ശൂനായാത്തിരുനാളല്ലോ
വിണ്ണവരൊത്താമോദത്തിൻ
പൂമധുനുകരാം സാഘോഷം
അവളുടെ സ്നേഹമനുഗ്രഹവും
തുണയും പ്രാപിച്ചീടുകനാം
മിഴിയും മനസ്സുമുയർത്തിയിദം
ഉദ്ഘോഷിക്കാം ദൈവത്തിൻ
മാതാവേ പ്രാർത്ഥിക്കണമെ
ശിക്ഷാവിധിയകന്നീടാൻ.

ദൈവത്തിൻറെ ദാസന്മാരെല്ലാവരുമേ

പ്രിയപ്പെട്ടവരെ......

(അല്ലെങ്കിൽ ഗാനം)

(പ്രിയരേ വരുവിൻ സൗഭാഗ്യം...)

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ഭാഗ്യവതിയായ കന്യകയുടെ, ദൈവത്തിൻറെ മാതാവിൻറെ സ്വർഗ്ഗാരോപണദിവസം പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും നമുക്കുസ്തുതി പാടാം. അവളുടെ മരണത്തിൻറെ ദിവസത്തെ പ. ത്രിത്വം ബഹുമാനിച്ചു. പന്ത്രണ്ടു ശ്ലീഹന്മാരോടും സ്വർഗീയ സൈന്യത്തോടും കൂടെ നമുക്കു അവിടു ത്തെ സ്തുതിക്കാം. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ദൈവത്തിൻറെ പുത്രാ നിനക്കു സ്തുതി. നിൻറെ ജനനിയായ പരിശുദ്ധ മറിയത്തെ മഹത്വപ്പെടുത്തിയ നിന്നെ ഞങ്ങൾ ഒന്നു ചേർന്നു സ്തുതിക്കുന്നു.

**(അല്ലെങ്കിൽ ഗാനം)**

പാടാം കന്യാമാതാവിൻ
ശൂനായാതൻ തിരുന്നാളിൽ
ത്രീത്വത്തിൻ സ്തുതിഗീതങ്ങൾ
അവളുടെ മൃതിനാളിനെ ദൈവം
അനുപമമഹിമാവണിയിച്ചു
മാലാഖാമാർ ശ്ലീഹന്മാർ
അവർ ചേർന്നവിടുത്തെ വാഴ്ത്താം
ദൈവകുമാരാ കർത്താവേ
ഉന്നതസ്വർഗ്ഗമഹത്വത്തിൻ
പൊൻമുടിയമ്മയ്ക്കേകിയനിൻ
കഴലിണ പ്രണമിച്ചീടുന്നു.

ബൈബിൾ വായന ലൂക്കാ 1:39-56

**കാറോസൂസാ** പേജ്............13

**ഓനീസാദ്ബസ്ലിക്കാ**

കർത്താവേ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷി ക്കണമെ.

പ്രകാശം ധരിച്ച അമ്മേ, ഇന്നേ ദിവസം നിൻറെ ഉദരത്തിൽ നിന്നു ജനിച്ച ആ ഫലത്തോടു ഞങ്ങൾക്കുവേണ്ടി അനുഗ്രഹം യാചിക്കണമെ. നിൻറ സ്വർഗ്ഗാരോപണത്തിരുനാളിനെ ആഘോഷിക്കുന്നതിനും ആചരിക്കുന്നതിനും വന്നിരിക്കുന്ന നിൻറെ മക്കൾ നിൻ്റെ നാമത്തെ മഹത്വപ്പെടുത്തട്ടെ. നിഷ്കനിറഞ്ഞ സ്ത്രീയേ, നീ അനുഗ്രഹീതയാകു ന്നു, കന്യകകളിൽ കന്യകയേ, നീ അനുഗ്രഹീതയാകു ന്നു. എന്തുകൊണ്ടെന്നാൽ നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു. എല്ലാ സ്ത്രീകളും നീവഴി അനു ഗ്രഹിക്കപ്പെടുകയും ചെയ്യും. നിൻ്റെ സ്വർഗ്ഗാരോപണ ദിവസം മാലാഖാമാരോടുകൂടി നീ സഞ്ചരിച്ചു അവർ വന്നു" ആത്മാവോടും ശരീരത്തോടും കൂടി നിന്നെ കൂട്ടിക്കൊണ്ടു പോയി. തെരഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാരെ എല്ലാ ഭാഗത്തുനിന്നും ഒരുമിച്ച് കൂട്ടിയ നീ വാഴ്ത്തപ്പെട്ടവളാകുന്നു.

പരിശുദ്ധമായ നിൻറ ആത്മാവിനെയും ശരീരത്തേയും ജീവൻറ സ്ഥലത്തേക്കും സന്തോഷത്തിൻറ മണവറയിലേ യ്ക്കും അവൻ മാററി. അവനിൽനിന്നു കടങ്ങളുടെ വിമോചനവും അനുഗ്രഹവും ഞങ്ങൾക്കുവേണ്ടി ചോദിക്കണമെ നിന്നോടും സ്വർഗ്ഗദൂതന്മാരോടും കൂടെ ചേർന്ന് ഞങ്ങൾ അവന് ഹല്ലേലുയ്യാ പാടട്ടെ.

**(അല്ലെങ്കിൽ ഗാനം)**

(ബിക്കീത്തോൻ സഹദേബ്രിക് ...)

അഴകിൻ പ്രഭചൊരിയും
അമലേ അംബികയേ
പ്രാർത്ഥിച്ചീടണമേ.
നിൻതിരുവുദരഫലത്തോടായ്
ഈശൂനായത്തിരുന്നാളിൽ
നൈർമ്മല്യത്തിൻ നിറകുടമേ
സ്വർഗ്ഗവിശുധിക്കുറവിടമേ
നീയല്ലോ
കന്യാമണിമകുടം

നിൻറെ നന്മയെ ഞാൻ അന്വേഷിക്കും
പ്രകാശം ധരിച്ച അമ്മേ.....................

**(അല്ലെങ്കിൽ ഗാനം)**

ഉന്നതസ്വർഗ്ഗത്തിൽ
മിന്നിലസിപ്പവളേ
നാരികളീധരയിൽ
നീവഴിധന്യതകൈക്കൊണ്ടും
നിൻമരണത്തിൻ നിമിഷത്തിൽ
മേഘത്തേരുതെളിച്ചീടാൻ
മാലാഖാമാർ അണിചേർന്നു
ആദരവായ്
നിന്നു ശ്രീഹന്മാർ

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

തിരുവുടലോടമ്മേ
പറുദീസായേറ്റി
നിന്നുടെയരുമസുതൻ
തിന്മയിൽ നിന്നു വിമോചനവും
കൃപയും പ്രാപിച്ചേകണമേ
ഇക്കണ്ണീരിൻ താഴ്‌വരയിൽ
നിന്നിവരും നിൻ സന്നിധിയിൽ
അണയട്ടെ
സ്തുതികൾ പാടട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ദാവീദിൻറെ പുത്രിയായ പരിശുദ്ധ കന്യകയെ വിശുദ്ധിയും
പുണ്യവും നിറഞ്ഞവളെ നിന്നെ തെരഞ്ഞെടുത്ത
കർത്താവിനോടു ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
നിന്നോടും നിൻ്റെ തിരുസുതനോടും കൂടി സ്വർഗ്ഗസൗഭാഗ്യം
അനുഭവിക്കുവാൻ ഞങ്ങൾക്കും ഇടയാകട്ടെ.

**(അല്ലെങ്കിൽ ഗാനം)**

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ
ദാവീദാത്മജയേ
നിരുപമസുകൃതത്തിൻ
പരിമളമൊഴുകീടും
ശാരോൻപൊൻപനിനീരലരേ
ഏഴകൾഞങ്ങളുമൊരുനാളിൽ
പറുദീസായിൽ പദമൂന്നാൻ
പ്രാർത്ഥിക്കണമേസുതനോടായ
അവലംബം
നാഥേ നീ മാത്രം.

സങ്കീർത്തനം 45

ആദ്യപാദം ശുശ്രൂഷി ചൊല്ലുന്നു. ഒന്നാം ഗണം
അതാവർത്തിക്കുകയും തുടർന്നു സമൂഹം
രണ്ടുഗണമായി ചൊല്ലുന്നു.

രാജപുത്രിയുടെ അഴകെല്ലാം
ആന്തരികമാകുന്നു

അവളുടെ മേലങ്കി,
പൊന്നുപൊതിഞ്ഞതാകുന്നു

വിലയേറിയ കാഴ്ചകളുമായി
രാജാവിനെ അവൾ സന്ദർശിക്കും

തോഴികളായകന്യകമാർ
അവളെ അനുഗമിക്കും

അവർ ഉല്ലാസഭരിതരായി
രാജകൊട്ടാരത്തിൽ പ്രവേശിക്കും

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

സ്വർഗ്ഗസ്ഥനായ പിതാവേ .......................

പേജ് 1

## സമാപന പ്രാർത്ഥനകൾ

പേജ് 19-22

[കാർമ്മികനിൽ നിന്ന് ശുശ്രൂഷി സമാധാനം സ്വീ കരിച്ച്
സമൂഹത്തിനു കൈമാറുന്നു.]

## ലെലിയാ സപ്രാ

[സ്വർഗ്ഗസ്ഥനായ പിതാവേ, ഉൾപ്പെടെയുള്ള പ്രാർത്ഥനകൾ
ആദ്യത്തെ റംശാ പ്രാർത്ഥനയിലേതുപോലെ.] പേജ്

സങ്കീർത്തനം 89

[ശുശ്രൂഷി ആദ്യപാദം ചൊല്ലുന്നു. ഒന്നാം ഗണം അത്
ആവർത്തിക്കുകയും തുടർന്ന് സമുഹം രണ്ടു ഗണമായി
തുടരുകയും ചെയ്യുന്നു]

**41**

കർത്താവിൻറെ കാരുണ്യം ഞാൻ പ്രകീർത്തിക്കും
അവിടുത്തെ വിശ്വസ്തത ഞാൻ പ്രസംഗിക്കും.

ദൈവമേ, അങ്ങേ വിശ്വസ്തത
ആകാശം പോലെ സുസ്ഥിരമാകുന്നു:
അങ്ങേ സ്നേഹം നിത്യവുമാകുന്നു.

തെരഞ്ഞെടുക്കപ്പെട്ടവനോടു ഞാൻ ഉടമ്പടി ചെയ്തു.
ദാസനായദാവീദിനോടു ഞാൻ ശപഥം ചെയ്തു.

"നിൻറെ സന്തതിയെ ഞാൻ നിലനിർത്തും:
എല്ലാ തലമുറകൾക്കും വേണ്ടി
നിൻറെ സിംഹാസനത്തെ ഞാനുറപ്പിക്കും"

ആകാശം അങ്ങേ ശക്തി വിളംബരം ചെയ്യുന്നു:
വിശുദ്ധന്മാരുടെ സമൂഹം
അങ്ങേ വിശ്വസ് തതയെ പ്രകീർത്തിക്കുന്നു,

കർത്താവിനു തുല്യനായി സ്വർഗ്ഗത്തിലാരുണ്ട്?
മാലാഖാമാരിൽ ആര് അവിടുത്തേക്കുസമനാകും

നീതിമാന്മാരുടെ സംഘത്തിൽ
കർത്താവു പ്രത്യക്ഷനായി.

അവിടുന്നു മറ്റുള്ളവർക്കെല്ലാം
ആരാദ്യനും ഉന്നതനുമാകുന്നു.

സൈന്യങ്ങളുടെ ദൈവമായ കർത്താവേ,
അങ്ങയെപ്പോലെ ശക്തനായി ആരുണ്ട്?
വിശ്വസ്തത അങ്ങേ ഉടയാടയാകുന്നു

സമുദ്രത്തിന്റെ ഗർവ്വത്തെ അങ്ങു ശമിപ്പിക്കുന്നു
അലറിവരുന്ന തിരമാലകളെ
അങ്ങുശാന്തമാക്കുന്നു.

അങ്ങുന്നു അഹങ്കാരികളെയെല്ലാം
മരിച്ചവർക്കു തുല്യം താഴ്ത്തി.

അങ്ങേ ശക്തമായ കരങ്ങളാൽ
ശത്രുക്കളെ ചിതറിക്കുകയും ചെയ്തു.

ആകാശവും ഭൂമിയും അങ്ങയുടേതാണല്ലോ.
ലോകവും അതിലുള്ളസമസ്തവും അങ്ങു സൃഷ്ടിച്ചു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

സ്വർഗ്ഗത്തിൽനിന്നു കർത്താവിനെ സ്തുതിക്കുവിൻ.

ആകാശങ്ങൾ വിസ്മയിച്ചു, ഭൂമി ഇളകി, സൃഷ്ടികൾ ഭയന്നുവിറച്ചു. പരിശുദ്ധ മറിയത്തിൻറ മരണസമയം അടുത്തപ്പോൾ സ്രാപ്പേന്മമാർ ചിറകുകൾ അടിച്ച് ദൈവത്തെ സ്തുതിച്ചുപാടി. "നിന്നെ പ്രസവിച്ച അമ്മയെ ബഹുമാനിച്ച പ്രഭയുടെ രാജാവേ, നീ പരിശുദ്ധൻ പരിശുദ്ധൻ, പരിശുദ്ധൻ ". അവരോടുകൂടി ഞങ്ങളും നിന്നെ സ്തുതിക്കട്ടെ. ഞങ്ങളുടെ കർത്താവേ നിൻെറ ശക്തി യാൽ സമാധാനം ഉണ്ടാകും. നിൻറെ നന്മകളെ ഞങ്ങൾ അന്വേഷിക്കും. ദൈവത്തിൻറെ മാതാവായ വെടിപ്പുള്ള പരിശുദ്ധ മറിയമേ, നിൻ്റെ തിരുനാൾ ആഘോഷിക്കുകയും നിൻ്റെ സ്വർഗ്ഗാരോപണത്തെ ബഹുമാനിക്കുകയും ചെയ്യുന്ന ഈ സമൂഹത്തിനു വേണ്ടി നീ പ്രാർത്ഥിക്കണമെ. ദുഷ്ടൻ്റെ ചതികളിൽ നിന്നും പാപത്തിന്റെ ശിക്ഷകളിൽ നിന്നും കോപത്തിൻറെ പിടിയിൽ നിന്നും അവർ മോചനം പ്രാപിച്ച് നിൻറെ നാമത്തിൻെറ ഉയർച്ചയ്ക്കു വേണ്ടിയും ആരാദ്ധ്യനായ നിൻ്റെ പുത്രൻ്റെ സ്തുതി ക്കുവേണ്ടിയും നിരന്തരം അവർ പരിശ്രമിക്കുകയും ചെയ്യട്ടെ

## (അല്ലെങ്കിൽ ഗാനം)

(തൂയെ.......)

മണ്ണിൽ വിസ്മയമലതല്ലി
ധരയിളകിദയമാർന്നുഴറി
അഖിലചരാചരമൊരുപോലെ
മറിയത്തിൻ മൃതിതൻനാളിൽ

വാനവവീണക്കമ്പികളിൽ
മോഹനഗാനം ശ്രുതിമീട്ടി.
സ്രാപ്പേന്മാരുൾപുളകമോടെ
ചിറകുവിടർത്തി സ്തുതിപാടി

മണ്ണിൽ ജന്മം തന്നവളെ
വിണ്ണിലുയർത്തിയ കർത്താവെ
പ്രഭയുടെ രാജാ പരിശുദ്ധൻ
പരിശുദ്ധൻ നീ പരിശുദ്ധൻ.

പാപക്കെണികളിൽ വീഴാതെ
നരകാഗ്നിയ്ക്കിരയാകാതെ
ദൈവകുമാരനു മാതാവേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

ധരയിൽ നിൻപുകൾ പാടീടും,
സുതനാരാധനയർപ്പിക്കും
ഞങ്ങൾക്കമ്മേ വിധിനാളിൽ
നിത്യമഹത്വം നൽകണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഞങ്ങളുടെ അധരങ്ങൾ അയോഗ്യമെങ്കിലും അവ നിൻറെ സ്വർഗ്ഗാരോപണത്തെ വാഴ്ത്തി പുകഴ്ത്തട്ടെ. ദൈവമാതാവായ കന്യകയെ നിൻ്റെ പ്രാർത്ഥന ഞങ്ങളുടെ ആത്മാക്കൾക്ക് ഉയർന്ന ഒരു കോട്ടയും ശക്തിയുള്ള ഒരു ആയുധവും ഞങ്ങളുടെ ജീവിത കാലത്ത് എപ്പോഴും തുണയുമായിരിക്കട്ടെ.

**(അല്ലെങ്കിൽ ഗാനം)**

യോഗ്യതയററവരെന്നാലും
നാഥേ നിന്നുടെ ശൂനായാ
പാരിൽനിൻസുതരതിമോദം
പാടിനമിച്ചുപുകഴ്ത്തട്ടെ.

നിന്നുടെ പ്രാർത്ഥനയുന്നതമാം
കോട്ടയുമായുധവും തണലും
തുണയും ഞങ്ങൾക്കേകണമേ
അമ്മേ പാരിതിലെന്നെന്നും.

സങ്കീർത്തനം 148

ആകാശമണ്ഡലത്തിൽ
കർത്താവിനെ സ്തുതിക്കുവിൻ

അത്യുന്നതങ്ങളിൽ
അവിടുത്തെ പുകഴ്ത്തുവിൻ.

കർത്താവിൻ്റെ മാലാഖാമാരെ
അവിടുത്തെ സ്തുതിക്കുവിൻ

കർത്താവിൻ്റെ സൈന്യങ്ങളെ
അവിടുത്തേ പുകഴ്ത്തുവിൻ

സൂര്യനും ചന്ദ്രനും
കർത്താവിനെ സ്തുതിക്കുവിൻ.

മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെ,
കർത്താവിനെ പുകഴ്ത്തുവിൻ

അവിടുന്നു അരുളിച്ചെയ്തപ്പോൾ
അവയെല്ലാം ഉണ്ടായി.

അവിടുന്നു ആജ്ഞാപിച്ചപ്പോൾ
അവയെല്ലാം സൃഷ്ടിക്കപ്പെട്ടു

അവിടുന്നു അവയെല്ലാം
നിത്യകാലത്തേക്കു സുസ്ഥിരമാക്കി

അലംഘ്യമായ നിയമവും
അവിടുന്നവയ്ക്കുനല്കി.

ഭൂലോകത്തിലെങ്ങും
കർത്താവിനെ സ്തുതിക്കുവിൻ.

അഗ്നിയും മഞ്ഞും
കർത്താവിനെ സ്തുതിക്കുവിൻ

ആലിപ്പഴവും മഞ്ഞുകട്ടയും
കർത്താവിനെ സ്തുതിക്കുവിൻ.

കാറേറകൊടുങ്കാറേറ
കർത്താവിനെ സ്തുതിക്കുവിൻ.

അവിടുത്തെ ഒറ്റവാക്കാൽ
അവയെല്ലാം സൃഷ്ടിക്കപ്പെട്ടു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

## സമാപനപ്രാർത്ഥന

ഉയരങ്ങളിൽ നിന്നും അഗ്നിമയന്മാരുടെ കൂട്ടങ്ങൾ ആഘോഷപൂർവ്വം ഇറങ്ങി മാധുര്യമുള്ള സ്വരത്തോടുകൂടി "കന്യാമറിയത്തിൻറെ സ്വർഗ്ഗാരോപണത്തെ ബഹുമാനിച്ചവൻ വാഴ്ത്തപ്പെട്ടവനാകട്ടെ" അനുഗ്രഹത്തിൻറെ അമ്മയുടെ സ്വർഗ്ഗാരോപണ ദിവസം പ്രവാചകന്മാർ ഒരുമിച്ചുകൂടി എല്ലാഭാഗത്തുനിന്നും വന്ന ശ്ലീഹന്മ്മാരോടുകൂടി അവളുടെ സ്വർഗ്ഗാരോപണത്തെ സ്തുതികളാൽ ആഘോഷിച്ചു സഹോദരരെ വരുവിൻ നമുക്കു പരിശുദ്ധ മറിയത്തിൻറെ സ്വർഗ്ഗാരോപണത്തെ ആഘോഷിക്കുകയും ആചരിക്കുകയും ചെയ്യാം. സകല സ്വർഗ്ഗവാസികളോടും കൂടി തൻറെ പരിശുദ്ധമാതാവിനെ ഉയർത്തിയവനെ നമുക്കു സ്തുതിക്കാം.

## (അല്ലെങ്കിൽ ഗാനം)

(ബ്രീക്ക് ഹന്നാനാ...)

അണിചേർന്നഗ്നിമയന്മാരേവം
അഖിലേശ്വരനെ വാഴ്ത്തിപ്പാടി

"കന്യകതന്നുടെ ശൂനായായെ
ബഹുമാനിച്ചോൻ പരമാരാധ്യൻ"

നാനാദിക്കിൽനിന്നുമണഞ്ഞു
ശ്രീഹന്മാർ ശൂനായാനാളിൽ

അപ്പൊൻ സുദിനം നിവ്യന്മാരും
ഭക്ത്യാദരവോടാഘോഷിച്ചു

കരളിൽ പുളകം പാകും തിരുന്നാൾ
സഹജരേവരുവിൻ കൊണ്ടാടീടാം

ബഹുമതിയിരുലോകങ്ങളിലമ്മ
യ്ക്കരുളിയനാഥനെ വാഴ്ത്തിപ്പാടാം.

[കാർമ്മികനിൽനിന്നും ശുശ്രൂഷി സമാധാനം സ്വീകരിച്ചു
സമൂഹത്തിനു കൈമാറുന്നു]

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

## Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org